# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി. ആർ. **91/2026**

തിരുവനന്തപുരം, തീയതി: **06/05/2026**

## പത്രക്കുറിപ്പ്

### സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാല ഹിന്ദി പഠന വകുപ്പിൽ പിജി ഡിപ്ലോമ ഇൻ ട്രാൻസിലേഷൻ, അഡ്മിനിസ്ട്രേറ്റീവ് ഡ്രാഫ്റ്റിംഗ് ആന്റ് റിപ്പോർട്ടിംഗ് ഇൻ ഹിന്ദി കോഴ്സിലേക്ക് പ്രവേശനത്തിന് ഒഴിവുള്ള സീറ്റിലേക്ക് (ST-1) 2026 മെയ് 12 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നതാണ്. യോഗ്യരായവർ അസ്സൽ സർട്ടിഫിക്കറ്റുമായി അന്നേ ദിവസം രാവിലെ 10 മണിക്ക് കാര്യവട്ടം ക്യാമ്പസ്സിലുള്ള ഹിന്ദി പഠന വകുപ്പിൽ എത്തിച്ചേരേണ്ടതാണ്. വിശദവിവരങ്ങൾക്ക് ഫോൺ : 9446291350, 0471-2308649, ഇ-മെയിൽ: hindi@keralauniversity.ac.in.

### പരീക്ഷാകേന്ദ്രം

കേരളസർവകലാശാല 2026 മെയ് 8 ന് ആരംഭിക്കുന്ന ബികോം പാർട്ട് III (ആന്വൽ സ്കീം – റെഗുലർ & സപ്ലിമെന്ററി) പരീക്ഷകൾക്ക് ഗ്രേസ് ഇന്റർനാഷണൽ അക്കാദമി, പുനലൂർ പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ പുനലൂർ എസ് എൻ കോളേജിൽ പരീക്ഷ എഴുതേണ്ടതാണ്.

കേരളസർവകലാശാല 2026 മെയ് 08 ന് ആരംഭിക്കുന്ന പാർട്ട് III ബികോം ഡിഗ്രി (ആന്വൽ സ്കീം) പരീക്ഷയ്ക്ക് ഐഎംഡിആർ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് ചെറിയകൊണ്ണി, വൈറ്റ് മെമ്മോറിയൽ കോളേജ് വെള്ളറട എന്നീ കോളേജുകൾ പരീക്ഷാകേന്ദ്രങ്ങളായി തിരഞ്ഞെടുത്തിരിക്കുന്ന വിദ്യാർത്ഥികൾ ക്രിസ്ത്യൻ കോളേജ് കാട്ടാക്കടയിലും യു.ഐ.റ്റി കാട്ടായിക്കോണം, ശ്രീ സത്യ സായി ആർട്സ് ആന്റ് സയൻസ് കോളേജ് തോന്നയ്ക്കൽ പരീക്ഷാകേന്ദ്രങ്ങളായി തിരഞ്ഞെടുത്തിരിക്കുന്ന വിദ്യാർത്ഥികൾ ഗവൺമെന്റ് കോളേജ് ആറ്റിങ്ങലിലും, ആർ.പി.എം കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ് നെയ്യാർഡാം (KICMA) തിരഞ്ഞെടുത്തിരിക്കുന്ന വിദ്യാർത്ഥികൾ വിഗ്യാൻ കോളേജ് ഓഫ് അപ്ലൈഡ് സയൻസ് കാട്ടാക്കടയിലും കെ.വി.വി.എസ് കോളേജ് ഓഫ് സയൻസ് ആന്റ് ടെക്നോളജി ഏനാത്ത് തിരഞ്ഞെടുത്തിരിക്കുന്ന വിദ്യാർത്ഥികൾ യു ഐ റ്റി അടൂരും യൂ ഐ റ്റി കരുവാറ്റ തിരഞ്ഞെടുത്തിരിക്കുന്ന വിദ്യാർത്ഥികൾ സി.എ.എസ് കാർത്തികപ്പള്ളിയിലും യു.ഐ.റ്റി ചെങ്ങന്നൂർ തിരഞ്ഞെടുത്തിരിക്കുന്ന വിദ്യാർത്ഥികൾ ക്രിസ്ത്യൻ കോളേജ് ചെങ്ങന്നൂരിലും കാർമൽ കോളേജ് മുഹമ്മ തിരഞ്ഞെടുത്തിരിക്കുന്ന വിദ്യാർത്ഥികൾ യു.ഐ.റ്റി മുഹമ്മയിലും പരീക്ഷയെഴുതേണ്ടതാണ്. ഓൺലൈൻ വിദ്യാർത്ഥികൾ ഹാൾടിക്കറ്റ് അവരവരുടെ പ്രൊഫൈലിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതും ഓഫ്‌ലൈൻ വിദ്യാർത്ഥികൾ ഹാൾടിക്കറ്റുകൾ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും കൈപ്പറ്റേണ്ടതുമാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**